# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

## എം.ജി വി.സി യ്ക്ക് നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് സമ്മാനിച്ചു

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ഇന്ത്യൻ സർവ്വകലാശാലകളിലെ മികച്ച വൈസ് ചാൻസലർക്കായി നൽകുന്ന 2016–ലെ നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്, അന്തർദ്ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കൊൽക്കത്ത സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ ഇന്ത്യയിലെ ജർമ്മൻ കോൺസുൽ ജനറൽ ഡോ. ഒലീഫ് ഇവേഴ്സൺ സമ്മാനിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പ്രസിഡന്റ് ഡോ. പ്രിയരഞ്ജൻ ത്രിവേദി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ത്രിപുര ഗവർണർ പ്രൊഫ. തഥാഗത റോയ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ റിസർച്ച് ഡയറക്ടർ ഡോ. ഉത്ക്കർഷ് ശർമ്മ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ജനറൽ സെക്രട്ടറി തൻമോയ് രുദ്ര, വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

പിന്നീട് ചേർന്ന ഇന്ത്യൻ യൂണിവേഴ്സിറ്റീസ് കോൺഫെഡറേഷന്റെ യോഗത്തിൽ ഇന്ത്യൻ സർവ്വകലാശാലകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി അക്കാദമികവും ഭരണപരവുമായ പരസ്പരസഹകരണം, ആശയവിനിമയം, അന്താരാഷ്ട്ര സമ്മേളനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പ് മുതലായവ ലക്ഷ്യം വയ്ക്കുന്ന ജി–51 (തെരഞ്ഞെടുക്കപ്പെട്ട 51 ഇന്ത്യൻ സർവ്വകലാശാലകളുടെ ഗ്രൂപ്പ്) രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഭാരതത്തിലെ മുൻനിര ശാസ്ത്ര–ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഉൾപ്പെടുന്ന ജി–51 ഗ്രൂപ്പിൽ കേരളത്തിൽ നിന്നും മഹാത്മാ ഗാന്ധി സർവ്വകലാശാല മാത്രമാണ് അംഗമായിട്ടുള്ളത്. ഈ ഗ്രൂപ്പിന്റെ അടുത്ത സമ്മളനം ഡിസംബറിൽ ഡൽഹിയിൽ വച്ച് നടത്തുന്നതിനും തീരുമാനിച്ചു.



കൊൽക്കത്ത സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് ജർമ്മൻ കോൺസൽ ജനറൽ ഡോ. ഒലീഫ് ഇവേഴ്സൺ സമ്മാനിക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ റിസർച്ച് ഡയറക്ടർ ഡോ. ഉത്ക്കർഷ് ശർമ്മ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പ്രസിഡന്റ് ഡോ. പ്രിയരഞ്ജൻ ത്രിവേദി എന്നിവർ സമീപം